വനം പരിസ്ഥിതി മന്ത്രിയേയും നേരിൽകണ്ട് ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയും 16-10-2014-ൽ പ്രധാനമന്ത്രിക്ക് നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ തീരുമാനം ഉടനെയുണ്ടാകും എന്ന ബഹു ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. പ്രകാശ് ജാവദേക്കർ 25-11-2014-ന് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതുവരെയും കേന്ദ്ര സർക്കാർ തീരുമാനം വന്നിട്ടില്ല.

ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് വകയിരുത്തിയ തുക

37 (1740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ (2014-15) വകയിരുത്തിയ തുക എത്ര കോടിയെന്ന് വ്യക്തമാക്കാമോ ;

(ബി) വകയിരുത്തിയ തുകയിൽ എത്ര രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ലഭിച്ച തുകകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9097.00 ലക്ഷം രൂപ.

(ബി) 6216.32 ലക്ഷം രൂപ അനുവദിച്ചു. ആയതിൽ 750.67 ലക്ഷം രൂപ സർക്കാർ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുക സെപ്റ്റംബർ 2015 വരെ ഉപയോഗിക്കാവുന്നതാണ്.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

സി.ആർ.ഇസഡ് മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി

38 (1741) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേന സി.ആർ.ഇസഡ്. മേഖലയിൽ കെട്ടിട നിർമ്മാണ അനുമതി/നമ്പർ നൽകൽ/ക്രമവത്ക്കരണം എന്നിവയ്ക്കുള്ള എത്ര അപേക്ഷകളാണ് കേരളാ സ്റ്റേറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly